## 5. സൃഷ്ടിപ്രക്രിയയും പ്രപഞ്ച ഭരണസംവിധാനവും

അല്ലാഹുവിന്റെ സൃഷ്ടിപ്രക്രിയ ഖുർആനിൽ പലയിടത്തും പ്രതിപാദിക്കുന്നുണ്ട്. ഈ പ്രക്രിയ കമ്പ്യൂട്ടർ മാതൃകയിലൂടെ വിശദീകരിക്കാവുന്നതും മനസ്സിലാക്കാവുന്നതുമാണ്.

**സൃഷ്ടിപ്രക്രിയ**

ഊർജ്ജ (energy)മാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാനഘടകം. പ്രപഞ്ചത്തിന്റെ എല്ലാ ഘടകങ്ങളും ഊർജ്ജത്തിന്റെ രൂപഭേദങ്ങളാണ്. എന്നാൽ ഊർജ്ജം എന്താണെന്നുള്ള അറിവ് അല്ലാഹു മനുഷ്യന് നൽകിയിട്ടില്ല. ശാസ്ത്രത്തിൽ അതിനു നിർവചനവുമില്ല. അല്ലാഹുവിന് മാത്രം അറിയാവുന്ന അവന്റെ അദൃശ്യ കാര്യങ്ങളിൽപെട്ടതാണത്. ഖുർആനിൽ 'ഗയ്ബ്' എന്നും 'ശഹാദ' എന്നും രണ്ടു വിശേഷണങ്ങൾ കാണാം. 'ഗയ്ബി'നെ മനുഷ്യന്റെ ഇന്ദ്രിയ ങ്ങൾക്കതീതമായ ഊർജ്ജാവസ്ഥ എന്നു നിർവചിക്കാം. അതിനെ 'അദൃശ്യാവസ്ഥ' എന്നു ചുരുക്കി വിളിക്കാം. ഗയ്ബിന്റെ വിപരീതമെന്ന് വിശേഷിപ്പിക്കാവുന്നതാണ് 'ശഹാദ' എന്ന പദം. ഈ പദത്തെ 'മനുഷ്യന്റെ ഇന്ദ്രിയങ്ങളുടെ സഹായത്താൽ തിരിച്ചറിയാവുന്നതും അനുഭ വിക്കാവുന്നതുമായ ഊർജ്ജാവസ്ഥ' എന്നു വ്യാഖ്യാനിക്കാം. ചുരുക്കിപ്പറഞ്ഞാൽ 'ദൃശ്യപ്രതി ഭാസങ്ങൾ' എന്നർത്ഥം. അല്ലാഹു ഇങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നത് മനുഷ്യന് നൽകിയതായ പഞ്ചേന്ദ്രിയങ്ങളുടെ കഴിവിന്റെ പരിധികൾക്കനുസരിച്ചാണ്. ഈ തരംതിരി ക്കൽ മനുഷ്യന് മാത്രം ബാധകമായുള്ളതാണ്. സ്രഷ്ടാവിന് അദൃശ്യമായി ഒന്നുമുണ്ടാകില്ലല്ലോ (ഖു. 59:22).

هُوَ اللَّهُ الَّذِي لَا إِلَٰهَ إِلَّا هُوَ ۖ عَالِمُ الْغَيْبِ وَالشَّهَادَةِ ۖ هُوَ الرَّحْمَٰنُ الرَّحِيمُ

59:22 താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു.

അല്ലാഹുവിനു അദൃശ്യമായതു അല്ലാഹു സൃഷ്ടിക്കില്ലല്ലോ. ഈ രണ്ടു വ്യത്യസ്ത ഗണങ്ങളെ ആസ്പദമാക്കിക്കൊണ്ട് അല്ലാഹുവിന്റെ സൃഷ്ടിപ്രക്രിയയെ ശാസ്ത്രീയമായി മനസ്സിലാക്കാം.

അല്ലാഹുവെ സംബന്ധിച്ചിടത്തോളം സൃഷ്ടിക്കൽ എന്നത് 'ഉണ്ടാകൂ' എന്ന ആജ്ഞ കൊടുക്കൽ മാത്രമാണ്. സൃഷ്ടിപ്രക്രിയയെ ഖുർആൻ ഇങ്ങനെ വിവരിക്കുന്നു:

بَدِيعُ السَّمَاوَاتِ وَالْأَرْضِ ۖ وَإِذَا قَضَىٰ أَمْرًا فَإِنَّمَا يَقُولُ لَهُ كُنْ فَيَكُونُ

2:117 ആകാശങ്ങളെയും ഭൂമിയെയും മുൻമാതൃകയില്ലാതെ നിർമ്മിച്ചവനത്രെ അവൻ. അവ നൊരു കാര്യം തീരുമാനിച്ചാൽ അതിനോട് 'ഉണ്ടാകൂ' എന്ന് പറയുക മാത്രമെ വേണ്ടതുള്ളൂ; അത് ഉണ്ടാകുന്നു.

ഇവിടെ ഒരു കാര്യം ഓർക്കേണ്ടത് 'ഉണ്ടാകൂ' എന്ന കൽപന കൊടുത്ത ഉടനെ അത് ഉണ്ടാക ണമെന്നില്ല. അല്ലാഹുവിന്റെ പ്രോഗ്രാം നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ മാത്രമെ അത് പരിണമിച്ചുണ്ടാകുകയുള്ളൂ. അങ്ങനെ അല്ലായിരുന്നുവെങ്കിൽ പ്രപഞ്ചസൃഷ്ടിക്ക് ആറു ദി വസം (ഖു. 7:54) അല്ലെങ്കിൽ മനുഷ്യൻ കണക്കാക്കുന്ന 6000 വർഷങ്ങൾ (ഖു. 22:47) വേണ്ടിവ രില്ലായിരുന്നു.

إِنَّ رَبَّكُمُ اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَىٰ عَلَى الْعَرْشِ يُغْشِي اللَّيْلَ النَّهَارَ يَطْلُبُهُ حَثِيثًا وَالشَّمْسَ وَالْقَمَرَ وَالنُّجُومَ مُسَخَّرَاتٍ بِأَمْرِهِ ۗ أَلَا لَهُ الْخَلْقُ وَالْأَمْرُ ۗ تَبَارَكَ اللَّهُ رَبُّ الْعَالَمِينَ

7:54 തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറുദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായിരിക്കുന്നു. രാത്രിയെക്കൊണ്ട് അവൻ പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെ തേടിച്ചെല്ലുന്നു. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും തന്റെ കൽപനയ്ക്കു വിധേയമാക്കപ്പെട്ട (പ്രോഗ്രാം ചെയ്യപ്പെട്ട) നിലയിൽ (അവൻ സൃഷ്ടിച്ചിരിക്കുന്നു). അറിയുക: സൃഷ്ടിപ്പും ശാസനാധികാരവും അവന്നുതന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണ്ണനായിരിക്കുന്നു.

وَيَسْتَعْجِلُونَكَ بِالْعَذَابِ وَلَنْ يُخْلِفَ اللَّهُ وَعْدَهُ ۚ وَإِنَّ يَوْمًا عِنْدَ رَبِّكَ كَأَلْفِ سَنَةٍ مِمَّا تَعُدُّونَ

22:47 (നബിയേ,) നിന്നോട് അവർ ശിക്ഷയുടെ കാര്യത്തിൽ ധൃതികൂട്ടികൊണ്ടിരിക്കുന്നു. അല്ലാഹു തന്റെ വാഗ്ദാനം ലംഘിക്കുകയേ ഇല്ല. തീർച്ചയായും നിന്റെ രക്ഷിതാവിന്റെ

അടുക്കൽ ഒരു ദിവസമെന്നാൽ നിങ്ങൾ എണ്ണിവരുന്ന തരത്തിലുള്ള ആയിരം കൊല്ലം പോലെയാകുന്നു.

മുകളിൽ ഉദ്ധരിച്ച സൂക്തം 2:117ൽ പ്രധാനമായും ശ്രദ്ധിക്കപ്പെടേണ്ടത് അല്ലാഹു 'ഉണ്ടാകൂ' എന്ന് കൽപിക്കുന്നത് സൃഷ്ടിക്കപ്പെടാൻ പോകുന്ന വസ്തുവോട് തന്നെയാണ്. 'അതിനോട്' എന്ന വാക്ക് അതാണ് സൂചിപ്പിക്കുന്നത്. ഇതിൽ നിന്നും മനസ്സിലാകുന്നത് സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് തന്നെ എല്ലാ വസ്തുക്കളും അല്ലാഹുവിന്റെ പക്കൽ സ്ഥിതിചെയ്യുന്നു എന്നതാണ്. മനുഷ്യന് അദൃശ്യമായ രൂപത്തിലാണ് അവ സ്ഥിതിചെയ്യുന്ന തെന്ന് വിവക്ഷ. ഈ അവസ്ഥ (ഗയ്ബ്) യിൽ നിന്നും മനുഷ്യന് ദൃശ്യമായ (ശഹാദ) രൂപത്തി ലേക്ക് പരിണമിപ്പിക്കുന്ന പ്രക്രിയയാണ് സൃഷ്ടിപ്പെന്നു മേലുദ്ധരിച്ച ഖുർആൻ സൂക്തങ്ങള ിൽനിന്നു വ്യക്തമാകുന്നത്. ഈ പരിണാമത്തിനുള്ള കൽപനയാണ് സൃഷ്ടിക്കാൻ പോകുന്ന വസ്തുവിന്റെ അദൃശ്യാവസ്ഥക്കു (അതായത്, ഗയ്ബ് രൂപത്തിനു) അല്ലാഹു കൊടുക്കുന്ന തെന്ന് ഖുർആൻ സൂക്തം 2:117 സൂചിപ്പിക്കുന്നത്. സൃഷ്ടിക്കപ്പെട്ടതും ഇതുവരെ സൃഷ്ടക്കപ്പെ ട്ടിട്ടില്ലാത്തതുമായ എല്ലാ വസ്തുക്കളും അദൃശ്യാവസ്ഥയിൽ അല്ലാഹുവിന്റെ പക്കൽ നിലകൊ ള്ളുന്നുണ്ടെന്ന് സാരം. ഊർജ്ജത്തിന്റെ അദൃശ്യാവസ്ഥയാണത്. ആ അവസ്ഥയെ ദൈവിക സോഫ്ട്വെയർ എന്ന് വിളിക്കാം. ഏതെങ്കിലും വസ്തുവിനെയോ, പ്രതിഭാസത്തെയോ അല്ലാഹു സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നപക്ഷം അതിന്റെ സോഫ്ട്വെയറിലേക്കാണ് 'ഉണ്ടാകൂ' എന്ന ആജ്ഞ കൊടുക്കുന്നത്. അപ്പോൾ ആ സോഫ്ട്വെയർ അദൃശ്യാവസ്ഥയിൽ നിന്ന് മനുഷ്യന് ദൃശ്യമായ രൂപത്തിലേക്ക് പരിണമിക്കുന്നു. ഈ പരിണാമപ്രക്രിയയാണ് സൃഷ്ടിപ്പ്.

ഖുർആൻ വചനം 'അതിനോടു ഉണ്ടാകൂ എന്ന് അല്ലാഹു പറയുമ്പോൾ അതുണ്ടാ കുന്നു' എന്നത് മനുഷ്യ ഭാഷ്യത്തിൽ 'ഒരു കാര്യം നിർവ്വഹിക്കാൻ കമ്പ്യൂട്ടർ കീബോർഡിൽ ഒരു ബട്ടൺ അമർത്തിയാൽ മതി' എന്നത് പോലെയാണ്. ഉദാഹരണത്തിന്, ഒരു കത്ത് പ്രിന്റ് ചെയ്യണമെന്നിരിക്കട്ടെ. ആ കത്ത് കമ്പ്യൂട്ടറിൽ മനുഷ്യന് ആദൃശ്യമായ (ഗയ്ബ്) നിലയിൽ സ്ഥിതി ചെയ്യുകയാണ്. അത് പ്രിന്റ് ചെയ്യുവാനുള്ള ആജ്ഞ (command) കീബോർഡ് വഴി യോ, മൗസ് വഴിയോ കൊടുത്താൽ കമ്പ്യൂട്ടർ ആ കത്തിന്റെ ദൃശ്യ (ശഹാദ) രൂപം നൽകും. അടുത്തഭാവിയിൽ മനുഷ്യശബ്ദം തിരിച്ചറിയാൻ ശേഷിയുള്ള കമ്പ്യൂട്ടറുകളായിരിക്കും നമ്മൾ ഉപയോഗിക്കുക. അതിനുതകുന്ന സോഫ്റ്റ്വെയറുകൾ ഇപ്പോൾ തന്നെ വികസിപ്പിച്ചെടുക്ക പ്പെട്ടിട്ടുണ്ട്. അവ പ്രായോഗികമായാൽ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ കീബോർഡോ, മൗസോ ആവശ്യമായി വരില്ല. നമ്മൾ വാകൊണ്ട് കൽപിക്കുമ്പോൾ കമ്പ്യൂട്ടർ അതനുസരിച്ചു പ്രവർത്തിക്കും. ഖുർആനിൽ പ്രസ്താവിച്ച സൃഷ്ടിപ്രക്രിയയുടെ കൃത്രിമരൂപമായിരിക്കും ആ സാങ്കേതികവിദ്യ. ഈ ഉപമയിലൂടെ അദൃശ്യം ദൃശ്യമായി മാറുന്ന പ്രതിഭാസമാണ് നാം കാണുന്നത്. അല്ലാഹുവെ സംബന്ധിച്ചേടത്തോളം സോഫ്റ്റ്വെയറിലേക്ക് കൽപന കൊടുക്കു കയേ വേണ്ടൂ; അത് മനുഷ്യനു ദൃശ്യമായ രൂപത്തിലേക്ക് പരിണമിക്കും.

ഈ വിശദീകരണം, ഊർജ്ജം (അദൃശ്യ ദൈവിക സോഫ്റ്റ്വെയർ) എങ്ങനെയു ണ്ടായി എന്ന ചോദ്യത്തിലേക്കു നയിക്കുന്നു. അതിന്റെ ഉത്തരവും ഖുർആനിൽ നിന്ന് അനു മാനിക്കാവുന്നതാണ്. ഖുർആനിലെ ചില സൂക്തങ്ങൾ അല്ലാഹുവിന്റെ അടുക്കൽ സൂക്ഷിക്ക പ്പെട്ട 'വചനങ്ങളെ' (കലിമാത്) കുറിച്ച് പറയുന്നുണ്ട് (ഖു. 31:27).

وَلَوْ أَنَّمَا فِي الْأَرْضِ مِنْ شَجَرَةٍ أَقْلَامٌ وَالْبَحْرُ يَمُدُّهُ مِنْ بَعْدِهِ سَبْعَةُ أَبْحُرٍ مَا نَفِدَتْ كَلِمَاتُ اللَّهِ ۗ إِنَّ اللَّهَ عَزِيزٌ حَكِيمٌ

31:27 ഭൂമിയിലുള്ള വൃക്ഷങ്ങളെല്ലാം പേനയായിരിക്കുകയും, സമുദ്രം മഷിയാവുകയും അതിനു പുറമെ ഏഴു സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്റെ വചന ങ്ങൾ എഴുതിത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.

ഇത് വ്യക്തമാക്കുന്നത് അല്ലാഹുവിന്റെ വചനങ്ങൾ എണ്ണമറ്റതാണെന്നും അവയെല്ലാം സൂക്ഷിക്കപ്പെട്ടിട്ടുള്ളതുമാണെന്നാണ്. അതിൽനിന്നും അനുമാനിക്കാവുന്നത് അല്ലാഹുവിന്റെ വചനങ്ങൾ (നിർദ്ദേശങ്ങൾ) തന്നെയാണ് ദൈവിക സോഫ്റ്റ്വെയർ എന്നാണ്. ഈ സോഫ്റ്റ്വെയറുകളെല്ലാം തന്നെ കമ്പ്യൂട്ടർ മെമറിയിൽ സൂക്ഷിക്കപ്പെട്ട വിവരങ്ങൾപോലെ ഒരു ദൈവിക മെമറിയിൽ സൂക്ഷിക്കപ്പെട്ടു വച്ചിരിക്കയാണെന്ന് കരുതാം. അങ്ങനെ നോക്കു മ്പോൾ അദൃശ്യമായ ഊർജ്ജം, അല്ലാഹുവിന്റെ വചനങ്ങളായ സോഫ്റ്റ്വെയർ തന്നെയാ ണെന്ന് വ്യാഖ്യാനിക്കാം. അല്ലാഹു എന്തെങ്കിലും സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുമ്പോൾ അതിന്റെ സോഫ്റ്റ്വെയറിനോടാണ് 'ഉണ്ടാകൂ' എന്ന കൽപനകൊടുക്കുന്നതും അത് മനുഷ്യനു ദൃശ്യ

മായ രൂപത്തിലേക്കു രൂപാന്തരപ്പെടുന്നതും. അല്ലാഹുവിന്റെ വചനങ്ങൾ (കലിമാത്) ഊർജ്ജ മായി വ്യാഖ്യാനിക്കപ്പെടുമ്പോൾ അത്കൊണ്ട് ഉദ്ദേശിക്കുന്നത് ഊർജ്ജമെന്നത് അല്ലാഹുവിന്റെ നിർദ്ദേശങ്ങളടങ്ങിയ അദൃശ്യപ്രതിഭാസമെന്നാണ്. ഈ നിർദ്ദശങ്ങളനുസരിച്ചാണ് പ്രപഞ്ചത്തിന്റെ ഓരോ ഘടകവും അതിന്റേതായ സ്വഭാവങ്ങളും പെരുമാറ്റരീതികളും പ്രകടിപ്പിക്കുന്നത്. അല്ലാഹുവിന്റെ വചനമാണ് ഊർജ്ജമെന്നും (സോഫ്റ്റ്‌വെയർ) അതാണ് ദൃശ്യമായി രൂപാന്തരപ്പെട്ട പ്രപഞ്ചം എന്നും സൂക്തം 6:73ഉം വ്യക്തമാക്കുന്നു.

وَهُوَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ بِالْحَقِّ ۖ وَيَوْمَ يَقُولُ كُنْ فَيَكُونُ ۚ قَوْلُهُ الْحَقُّ ۚ وَلَهُ الْمُلْكُ يَوْمَ يُنْفَخُ فِي الصُّورِ ۚ عَالِمُ الْغَيْبِ وَالشَّهَادَةِ ۚ وَهُوَ الْحَكِيمُ الْخَبِيرُ

6:73 അവനത്രെ ആകാശങ്ങളും ഭൂമിയും മുറപ്രകാരം സൃഷ്ടിച്ചവൻ. അവൻ ഉണ്ടാകൂ എന്ന പറയുന്ന ദിവസം അതുണ്ടാകുക തന്നെ ചെയ്യുന്നു. അവന്റെ വചനം സത്യമാകുന്നു. കാഹളത്തിൽ ഊതപ്പെടുന്ന ദിവസം അവന്ന് മാത്രമാകുന്നു ആധിപത്യം. അദൃശ്യവും ദൃശ്യവും അറിയുന്നവനാണവൻ. അവൻ യുക്തിമാനും സൂക്ഷ്മജ്ഞാനമുള്ളവനുമത്രെ.

പ്രപഞ്ചോൽപത്തിയും, പ്രപഞ്ചഘടകങ്ങളുടെ സ്വഭാവങ്ങളും പ്രവർത്തനരീതികളും എങ്ങനെയാണുണ്ടായതെന്നും ഖുർആൻ–ശാസ്ത്ര സംയോജനത്തിലൂടെ ഈ വിധത്തിൽ വിശദീകരിക്കാം.

**പ്രപഞ്ചഭരണ സംവിധാനം**

ഖുർആൻ സൂക്തങ്ങളുടെ വെളിച്ചത്തിലും കമ്പ്യൂട്ടർ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലും പ്രപഞ്ച ഭരണ സംവിധാനം മനസ്സിലാക്കാവുന്നതാണ് (ചിത്രം 1). പ്രപഞ്ചസൃഷ്ടിക്കു ശേഷം പ്രോഗ്രാമറായ അല്ലാഹു തന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായി.

الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ وَمَا بَيْنَهُمَا فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَىٰ عَلَى الْعَرْشِ ۚ الرَّحْمَٰنُ فَاسْأَلْ بِهِ خَبِيرًا

25:59. ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും ആറുദിവസങ്ങളിൽ സൃഷ്ടിച്ചവനത്രെ അവൻ. എന്നിട്ട് അവൻ സിംഹാസനസ്ഥനായിരിക്കുന്നു. പരമകാരുണികനത്രെ അവൻ. ആകയാൽ ഇതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനോട് തന്നെ ചോദിക്കുക.


പ്രപഞ്ചം സ്വയം നിയന്ത്രിതമാക്കിയാണ് സൃഷ്ടിക്കപ്പെട്ടതെങ്കിലും, അല്ലാഹു അവന്റെ ഇച്ഛാനുസരണം ഏത് കൽപനയും (ground control) അതിനു നൽകുകയും ചെയ്യുന്നു. ദൈവസാമ്രാജ്യത്തിൽ പ്രത്യേകം ചുമതലകൾ ഏൽപിക്കപ്പെട്ട ധാരാളം മലക്കുകൾ ഉണ്ട്. അല്ലാഹുവിന്റെ സന്ദേശവാഹകരായി പ്രവർത്തിക്കുന്ന മലക്കുകൾ (ഖു. 35:1), മനുഷ്യനെ മരിപ്പിക്കുന്ന ചുമതല ഏൽപ്പിക്കപ്പെട്ട മലക്കുകൾ (ഖു. 47.27), നരകത്തിന്റെ കാവൽക്കാർ (ഖു. 66:6), സ്വർഗ്ഗത്തിന്റെ കാവൽക്കാർ (ഖു. 13:23–24) എന്നിങ്ങനെ നിരവധി വ്യത്യസ്ത ജോലികൾ ചെയ്യുന്ന മലക്കുകൾ ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. മലക്കുകൾ അവരെ എൽപ്പിക്കപ്പെട്ട ജോലികൾ കണിശമായും കൃത്യമായും നിർവ്വഹിക്കുന്നു (ഖു. 21:26–27). മലക്കുകളെ വകതിരിവുള്ള സമർപ്പിത (dedicated) റോബോട്ടുകളായി കരുതാവുന്നതാണ്. ദൈവം ഒരു കൽപന നൽകുമ്പോൾ ബന്ധപ്പെട്ട മലക്ക് യുക്തമായ പ്രോഗ്രാമിലൂടെ അത് നിർവ്വഹിക്കുകയും ചെയ്യുന്നു എന്നു അനുമാനിക്കാം.

الْحَمْدُ لِلَّهِ فَاطِرِ السَّمَاوَاتِ وَالْأَرْضِ جَاعِلِ الْمَلَائِكَةِ رُسُلًا أُولِي أَجْنِحَةٍ مَثْنَىٰ وَثُلَاثَ وَرُبَاعَ ۚ يَزِيدُ فِي الْخَلْقِ مَا يَشَاءُ ۚ إِنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ

35:1 ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചുണ്ടാക്കിയവനും രണ്ടും മൂന്നും നാലും ചിറകുകളുള്ള മലക്കുകളെ ദൂതൻമാരായി നിയോഗിച്ചവനുമായ അല്ലാഹുവിന് സ്തുതി. സൃഷ്ടിയിൽ താൻ ഉദ്ദേശിക്കുന്നത് അവൻ അധികമാക്കുന്നു. തീർച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു.

فَكَيْفَ إِذَا تَوَفَّتْهُمُ الْمَلَائِكَةُ يَضْرِبُونَ وُجُوهَهُمْ وَأَدْبَارَهُمْ

47:27 അപ്പോൾ മലക്കുകൾ അവരുടെ മുഖത്തും പിൻഭാഗത്തും അടിച്ചുകൊണ്ട് അവരെ മരിപ്പിക്കുന്ന സന്ദർഭത്തിൽ എന്തായിരിക്കും അവരുടെ സ്ഥിതി!




ചിത്രം 1. പ്രപഞ്ചം ഒരു ദൈവിക കമ്പ്യൂട്ടർ വ്യവസ്ഥയെന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രപഞ്ചത്തിന്റെ ഭരണ മാതൃക

يَا أَيُّهَا الَّذِينَ آمَنُوا قُوا أَنْفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا النَّاسُ وَالْحِجَارَةُ عَلَيْهَا مَلَائِكَةٌ غِلَاظٌ شِدَادٌ لَا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ

66:6 സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തൻമാരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ചകാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും.

جَنَّاتُ عَدْنٍ يَدْخُلُونَهَا وَمَنْ صَلَحَ مِنْ آبَائِهِمْ وَأَزْوَاجِهِمْ وَذُرِّيَّاتِهِمْ ۖ وَالْمَلَائِكَةُ يَدْخُلُونَ عَلَيْهِمْ مِنْ كُلِّ بَابٍ سَلَامٌ عَلَيْكُمْ بِمَا صَبَرْتُمْ ۚ فَنِعْمَ عُقْبَى الدَّارِ

13:23–24 അതായത്, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരും, അവരുടെ പിതാക്കളിൽ നിന്നും, ഇണകളിൽ നിന്നും സന്തതികളിൽ നിന്നും സദ്‌വൃത്തരായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്. മലക്കുകൾ എല്ലാ വാതിലിലൂടെയും അവരുടെ അടുക്കൽ കടന്നുവന്നിട്ട് പറയും: നിങ്ങൾ ക്ഷമ കൈക്കൊണ്ടതിനാൽ നിങ്ങൾക്ക് സമാധാനം! അപ്പോൾ ലോകത്തിന്റെ പര്യവസാനം എത്ര നല്ലത്!

وَقَالُوا اتَّخَذَ الرَّحْمَٰنُ وَلَدًا ۗ سُبْحَانَهُ ۚ بَلْ عِبَادٌ مُكْرَمُونَ لَا يَسْبِقُونَهُ بِالْقَوْلِ وَهُمْ بِأَمْرِهِ يَعْمَلُونَ

21:26–27 പരമകാരുണികൻ സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്നവർ പറഞ്ഞു.അവൻ എത്ര പരിശുദ്ധൻ! എന്നാൽ (അവർ – മലക്കുകൾ) അവന്റെ ആദരണീയരായ ദാസൻമാർ മാത്രമാകുന്നു. അവർ അവനെ മറികടന്നു സംസാരിക്കുകയില്ല. അവന്റെ കൽപനയനുസരിച്ച് മാത്രം അവർ പ്രവർത്തിക്കുന്നു.

അല്ലാഹു ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിച്ചയക്കുന്നു (ഖു. 32:5). പ്രപഞ്ചത്തിന്റെ എല്ലാ നിർവ്വഹണ കാര്യങ്ങളിലുമുള്ള നിയന്ത്രണം അല്ലാഹുവിന്റെ പക്കലാണെന്നാണ് ഈ സൂക്തം വെളിപ്പെടുത്തുന്നത്. ഭൂമിയിൽ പ്രവേശിക്കുന്നതും, അതിൽ നിന്നു പുറത്തു വരുന്നതും, ആകാശത്തിൽ പ്രവേശിക്കുന്നതും, അതിൽ നിന്ന് ഇറങ്ങുന്നതുമായ എല്ലാ സംഗതികളും അല്ലാഹുവിന്റെ അറിവോടുകൂടിയാണ് (ഖു. 34:2). മാത്രമല്ല, എല്ലാ വിവരങ്ങളും രേഖപ്പെടുത്തിവെക്കപ്പെടുകയും ചെയ്യുന്നു (ഖു. 22:70). കമ്പ്യൂട്ടർ ഭാഷയിൽ പറഞ്ഞാൽ ദൈവിക മെമറിയിൽ എല്ലാ വിവരങ്ങളും തൽസമയം രേഖപ്പെടുത്തപ്പെടുന്നു.

يُدَبِّرُ الْأَمْرَ مِنَ السَّمَاءِ إِلَى الْأَرْضِ ثُمَّ يَعْرُجُ إِلَيْهِ فِي يَوْمٍ كَانَ مِقْدَارُهُ أَلْفَ سَنَةٍ مِمَّا تَعُدُّونَ
32:5 അവൻ ആകാശത്ത് നിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിച്ചയക്കുന്നു. പിന്നീട് ഒരു ദിവസം കാര്യം അവങ്കലേക്ക് ഉയർന്ന് പോകുന്നു. നിങ്ങൾ കണക്കാക്കുന്ന തരത്തിലുള്ള ആയിരം വർഷമാകുന്നു ആ ദിവസത്തിന്റെ അളവ്.

يَعْلَمُ مَا يَلِجُ فِي الْأَرْضِ وَمَا يَخْرُجُ مِنْهَا وَمَا يَنْزِلُ مِنَ السَّمَاءِ وَمَا يَعْرُجُ فِيهَا ۚ وَهُوَ الرَّحِيمُ الْغَفُورُ
34:2 ഭൂമിയിൽ പ്രവേശിക്കുന്നതും, അതിൽ നിന്ന് പുറത്ത് വരുന്നതും, ആകാശത്ത് നിന്ന് ഇറങ്ങുന്നതും അതിൽ കയറുന്നതുമായ വസ്തുക്കളെ പറ്റി അവൻ അറിയുന്നു. അവൻ കരുണാനിധിയും ഏറെ പൊറുക്കുന്നവനുമത്രെ.

أَلَمْ تَعْلَمْ أَنَّ اللَّهَ يَعْلَمُ مَا فِي السَّمَاءِ وَالْأَرْضِ ۗ إِنَّ ذَٰلِكَ فِي كِتَابٍ ۚ إِنَّ ذَٰلِكَ عَلَى اللَّهِ يَسِيرٌ
22:70 ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിനക്ക് അറിഞ്ഞുകൂടേ? തീർച്ചയായും അത് ഒരു രേഖയിലുണ്ട്. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ.

ഈ ഖുർആനിക വെളിപ്പെടുത്തൽ സൂചിപ്പിക്കുന്നത് പ്രപഞ്ചത്തിൽ നിന്ന് ദൈവസിംഹാസനത്തിലേക്കും, അവിടെനിന്ന് പ്രപഞ്ചത്തിലേക്കും വിവരങ്ങൾ അയക്കപ്പെടുന്നുവെന്നും അവ രണ്ടും ബന്ധിപ്പിക്കപ്പെട്ടിട്ടുണ്ടെന്നുമാണ്. ദൈവിക മെമറിയിൽ അല്ലാഹുവിന്റെ എല്ലാ വചനങ്ങളും (സോഫ്റ്റ്വെയർ), ഖുർആന്റെ മൂലഗ്രന്ഥവും, പ്രപഞ്ചവിവരങ്ങളും എല്ലാംതന്നെ പലഭാഗങ്ങളിലായി (sectors) സൂക്ഷിച്ചിരിക്കുന്നുണ്ടെന്ന് കരുതാം.